(ഡി) കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള ദീർഘകാല ആസൂത്രണത്തിനും പരിപാടിയുമാണ് പരിപ്രേക്ഷ്യ പദ്ധതി 2030 ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ കാർഷിക രംഗത്തെ കാതലായ മുഴുവൻ പ്രശ്നങ്ങളും അവസ്ഥാ വിശകലനത്തിലൂടെ വിശദീകരിക്കുകയും അവയ്ക്കൊക്കെ തന്നെ കാലാനുസൃതമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയുമാണ് ചെയ്തിരിക്കുന്നത്. വിവിധ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി പരമ്പരാഗത രീതികളിൽ നിന്നും ഹൈടെക് സംമ്പ്രദായത്തിലേക്ക് കാർഷികവൃത്തി കൈമാറേണ്ട രീതിയും മാർഗ്ഗവും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

സ്വപ്നസാഫല്യം പദ്ധതി

26 (*596) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്ക റൂട്ട്സ് സ്വപ്ന സാഫല്യം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ഉണ്ട്.

(ബി&സി) തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ചെറിയ കുറ്റങ്ങൾക്ക് വിദേശ ജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന നിർദ്ധനരായ പ്രവാസി മലയാളികൾക്ക് നാട്ടിൽ തിരിച്ചെത്തുവാൻ സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ് സ്വപ്നസാഫല്യം. ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് വിദേശത്ത് ജോലി ചെയ്യുന്നതോ താമസിക്കുന്നതോ ആയ പ്രവാസി മലയാളികൾ ജയിൽ ശിക്ഷ അനുഭവിച്ചത് അവരുടേതായ കാരണങ്ങൾ കൊണ്ടുണ്ടായ കുറ്റകൃത്യങ്ങൾ ആയിരിക്കുവാൻ പാടുള്ളതല്ല. ഉംമ്റ/ഹജ്ജ് ടൂറിസ്റ്റ് വിസയിൽ വിദേശത്തുപോയി എന്തെങ്കിലും കാരണത്താൽ ജയിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്നവരും ടി പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരല്ല. സൗദി അറേബ്യയിൽ I.T.L ഗ്രൂപ്പുമായി സഹകരിച്ച് ആരംഭിച്ച ഈ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ എല്ലാ ഗൾഫ് രാജ്യങ്ങളിലും നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നാളിതുവരെ 94 പ്രവാസികളെ ടിക്കറ്റ് നൽകി നാട്ടിലെത്തിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി നടപ്പുവർഷം 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി

27 (*597) ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. സി. ദിവാകരൻ :

ശ്രീ. കെ. രാജു :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ "സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി "എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മിഷന്റെ കീഴിൽ ഭിന്നശേഷിയുള്ളവരുടെ വിവര ശേഖരണ സെൻസസ് ആരംഭിച്ചിട്ടുണ്ടോ ; ആയത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) അംഗ പരിമിതരെ കണ്ടെത്തി സാക്ഷ്യപത്രം നൽകാനും തിരിച്ചറിയൽ കാർഡ് നൽകാനുമുള്ള വൈദ്യപരിശോധനാ ക്യാമ്പുകൾ നടന്നുവരുന്നുണ്ടോ ; ഇല്ലെങ്കിൽ ഇത്തരം ക്യാമ്പുകൾ നടത്താൻ കഴിയാതിരുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്. വൈകല്യം മുൻകൂർ കണ്ടുപിടിക്കുക, തടയുക, ഇടപെടുക, വൈകല്യബാധിതരുടെ വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

(ബി) ആരംഭിച്ചിട്ടുണ്ട്. സെൻസസിന്റെ ഫീൽഡ് തല പ്രവർത്തനങ്ങൾ 2015 ആഗസ്റ്റ് മാസം അവസാനത്തോടുകൂടി പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) അംഗപരിമിതരെ കണ്ടെത്തി സാക്ഷ്യപത്രം നൽകാനും തിരിച്ചറിയൽ കാർഡ് നൽകാനുമുള്ള വൈദ്യപരിശോധനാ ക്യാമ്പുകൾ ജില്ലാ ബ്ലോക്ക്-പഞ്ചായത്ത് തലത്തിൽ നടന്നുവരുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ ജൂൺ 30 വരെ വൈകല്യ നിർണ്ണയ സർട്ടിഫിക്കേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly